E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (2) 29195/2014

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 14.07.2014

# സർക്കുലർ നമ്പർ 35/14

വിഷയം : സഹകരണ വകുപ്പ് - സ്നേഹസ്പർശം - കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി - സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - അനുവാദം നൽകുന്നത് സംബന്ധിച്ച്.

സൂചന : കോഴിക്കോട് ജില്ലാ കളക്ടർ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിക്കു സമർപ്പിച്ച 19.06.2014 ലെ കത്ത്.

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടവും ജില്ലയിലെ പ്രമുഖ സാമൂഹിക പ്രവർത്തകരും ചേർന്ന് 2011 -ൽ ഒരു ചാരിറ്റബിൾ സൊസൈറ്റിക്ക് തുടക്കം കുറിച്ചതായും, ഡയാലിസിസിന് വിധേയരാകുന്ന നിർധനരായ രോഗികളെ സാമ്പത്തികമായി സഹായിക്കുക, ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഡയാലിസിസ് സെന്റർ തുടങ്ങുക തുടങ്ങിയവയെല്ലാം ഈ സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നതായും വിദ്യാർത്ഥികളിലെയും, മുതിർന്നവരിലെയും ജീവതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള മൊബൈൽ ക്ലിനിക്കും നടത്തിവരുന്നെന്നും മസ്തിഷ്ക മരണം സംഭവിച്ചവരുടെ ശരീരത്തിൽ നിന്നും അവയവങ്ങൾ എടുത്ത് ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളിൽ മാറ്റിവെച്ച് രോഗവിമുക്തിയും, പുനർജന്മവും പ്രദാനം ചെയ്യുന്ന ജീവൽദാന പദ്ധതി എന്നിവയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നതായും ചീഫ് കോ-ഓർഡിനേറ്റർ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തികൊണ്ടു പോകാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം സൊസൈറ്റിക്ക് കഴിയാതെ വരുന്നതായും ആയതിനാൽ കോഴിക്കോട് ജില്ലയിലെ സഹകരണസ്ഥാപനങ്ങൾ സൊസൈറ്റിക്ക് സംഭാവന ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും സൂചന കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ കത്തിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന കോഴിക്കോട് ജില്ലയിലെ സഹകരണസംഘങ്ങൾ 1969 ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 56(2) (ഡി) പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നും സ്നേഹസ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് സംഭാവന ചെയ്യുവാൻ ഇതിനാൽ അനുവാദം നൽകുന്നു.

ഒപ്പ്
എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

എസ്.പി/07.07.2014

പകർപ്പ്

1) ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട്.
2) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കോഴിക്കോട്.
3) ചീഫ് കോ-ഓർഡിനേറ്റർ, സ്നേഹസ്പർശം, കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി.
4) പ്രസിഡണ്ട്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്.
5) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
6) എല്ലാ അസിസ്റ്റന്റ് രജിസട്രാർ (ജനറൽ) മാർക്കും.
7) അസിസ്റ്റന്റ് ഡയറക്ടർമാർക്കും
8) എഡിറ്റർ/സഹകരണ വീഥി.
9) സ്റ്റോക്ക് ഫയൽ.

എസ്.പി/07.07.2014